# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1179 12.07.2016 -ൽ മറുപടിക്ക്

**ചരിത്രസ്മാരകങ്ങളുടെ സംരക്ഷണം**

**ചോദ്യം** **ഉത്തരം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന് :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തുവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം 100 വർഷത്തിൽ ഏറെയായി നിലനിൽക്കുന്ന ചരിത്രപരവും പുരാവസ്തു ശാസ്ത്ര സംബന്ധമായ, കലാശിൽപ്പപരമായ, കൗതുകപരമായ എടുപ്പോ, നിർമ്മാണമോ, ഗുഹയോ, പാറമേലുള്ള ശിൽപ്പമോ, ശിലാശിഖിതമോ, ശ്മശാനമോ എന്നിവ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമാക്കി സംരക്ഷിക്കുന്നു. ഇത്തരം സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളും പുതിയതായി ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളുമാണ് പുരാവസ്തു വകുപ്പ് നിർവ്വഹിച്ചു വരുന്നത്. കൂടാതെ ഓരോ ജില്ലയിലെയും തനത് പൈതൃകം അതാത് ജില്ലയിൽ ദർശിക്കുന്നതിലേക്ക് ഓരോ ജില്ലയിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പുരാവസ്തു വകുപ്പ് നടപ്പാക്കി വരുന്നു. ഇതുവരെ 8 ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എവിടെയെങ്കിലും പൈതൃകമ്യൂസിയം പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സംവിധാനങ്ങളാണ് മ്യൂസിയങ്ങളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; | | |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ പ്രധാന ചരിത്രസ്മാരകങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ? | (സി) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള 179 സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്